# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **909** **09/8/2017** -ലെ മറുപടി

# സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിക്ക് തുടക്കം കുറിച്ചുവോ; എങ്കിൽ എന്നാണ് എന്ന് അറിയിയ്ക്കുമോ; | (എ) | സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിക്ക് 03/2017-ൽ തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) | ഏതു സർക്കാരിന്റെ കാലത്താണ് പദ്ധതിക്ക് തുടക്കം കുറിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 21/6/2014-ൽ ആണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. |
| (സി) | ആയതിലേയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിരിയ്ക്കുന്നതെന്ന് വിശദീകരിക്കുമോ; | (സി) | 909 ലക്ഷം രൂപ. |
| (ഡി) | ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പണികൾ ആരംഭിച്ചുവോ; ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പണികൾ ആരംഭിച്ചു. 35% പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് ഒരു വിശദീകരണം ലഭ്യമാക്കുമോ? | (ഇ) | പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇൻടേക്ക് കിണറിന്റേയും പമ്പ് ഹൗസിന്റേയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ജലശുദ്ധീകരണശാലയുടേയും ഇൻടേക്ക് കിണറിന്റേയും കരാർ ഉറപ്പിച്ചപ്പോൾ ഭരണാനുമതി തുകയിൽ നിന്നും മിച്ചം വന്ന തുക ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിച്ച റോ വാട്ടർ പമ്പിങ് മെയിനിന്റേയും ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റേയും എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.<br>രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ക്ലിയർ വാട്ടർ പമ്പിങ് മെയിനുകൾ, |

JSK/

ട്രാൻസ്മിഷൻ ലൈനുകൾ, ജലസംഭരണികൾ, പമ്പ് ഹൗസുകൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

JSK/